# 2023-2024 വിശ്വാസപരിശീലനവർഷം രണ്ടാം സെമസ്റ്റർ

# 4 മുതൽ 9 വരെ ക്ലാസ്സുകളിലെ സാധ്യത പൊതുചോദ്യങ്ങൾ

1. വിശ്വാസപരിശീലന ക്ലാസ്സുകൾ നിങ്ങളുടെ വളർച്ചയ്ക്കു സഹായകമാണോ? വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ നിങ്ങൾ സ്വന്തമാക്കിയ ബോധ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുക.

2. ഈശോ നമ്മെ വിളിക്കുന്നത് വിശുദ്ധിയിലേക്കാണ്. വിശുദ്ധരാകാൻ, നന്മയുടെ മിന്നാമിനുങ്ങുകളാകാൻ എപ്രകാരം ജീവിക്കണം എന്നു വിവരിച്ചുകൊണ്ട് നിങ്ങളുടെ കൂട്ടുകാരന്/കൂട്ടുകാരിക്ക് ഒരു കത്തെഴുതുക.

3. 'നന്മയിൽ വളരാം' എന്നതാണല്ലോ ഈ വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം. ഈ വർഷം വളരെ ശ്രദ്ധേയമായി നിങ്ങൾ ചെയ്തതും നിങ്ങളുടെ 'മൈ ഗുഡ്നെസ് ഡയറിയിൽ' കുറിച്ചതുമായ ഏതാനും നന്മപ്രവൃത്തികൾ എഴുതുക.

4. വാഴ്ത്തപ്പെട്ട കാർലോ അക്കൂത്തിസിന്റെ ജീവിതം നിങ്ങളെ എപ്രകാരം സ്വാധീനിച്ചിട്ടുണ്ട് എന്ന് വ്യക്തിപരമായ അനുഭവങ്ങളെ ആസ്പദമാക്കി വിശദമാക്കുക.

5. വിശ്വാസപരിശീലന ക്ലാസ്സുകൾ നിങ്ങൾക്ക് പ്രയോജനകരമാണോ? ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ നിങ്ങൾക്ക് താല്പര്യമുണ്ടോ? ആരൊക്കെയാണ് ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ നിങ്ങൾക്ക് പ്രോത്സാഹനം നൽകുന്നത്? യഥാർത്ഥത്തിൽ വിശ്വാസപരിശീലന ക്ലാസ്സുകൾ നിങ്ങളുടെ വിശ്വാസജീവിതത്തിന് അർത്ഥം നൽകാൻ സഹായിക്കുന്നുണ്ടോ? വിശദമാക്കുക.

6. വിശ്വാസപരിശീലനം നേടുന്ന കുട്ടികളെന്ന നിലയിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനായി സമൂഹത്തിലും സ്കൂളിലും ഇടവകതലത്തിലും നിങ്ങൾക്ക് എന്തെല്ലാം ചെയ്യാനാകും? ഇടവകതലത്തിൽ GreenCat Club ആരംഭിക്കുന്നതിനുവേണ്ടി പരിസ്ഥിതി സംരക്ഷണത്തിനായിട്ടുള്ള ഒരു Action Plan തയ്യാറാക്കുക.

7. 'നന്മതിന്മകൾ തിരഞ്ഞെടുക്കാൻ പ്രപഞ്ചത്തിൽ മനുഷ്യനേ സാധിക്കുകയുള്ളൂ.' ദൈവം തന്ന ഈ കഴിവ് ലൈംഗികതയുടെ കാര്യത്തിൽ എപ്രകാരം വിവേകത്തോടെ ഉപയോഗിക്കാൻ സാധിക്കുമെന്ന് വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ വിശദമാക്കുക.

8. 'നന്മയിൽ വളരാം' എന്നതാണല്ലോ ഈ വർഷത്തെ ആപ്തവാക്യം. നന്മയിൽ വളരുന്നതിന്റെ ഉത്തമ ഉദാഹരണമാണല്ലോ സാമൂഹ്യപ്രവർത്തനങ്ങൾ. എറണാകുളം-അങ്കമാലി അതിരൂപത നേതൃത്വം നൽകുന്ന സാമൂഹ്യപ്രവർത്തന മേഖലകളെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ ഇതിൽ പങ്കാളിയാകാൻ സാധിക്കും എന്ന് വിവരിക്കുക.

9. ‘അപരനുവേണ്ടി അപ്പമാകാൻ വിശുദ്ധ കുർബാന ഒരു വിശ്വാസിയെ നിരന്തരം ഓർമ്മപ്പെടുത്തുന്നു.’ നിങ്ങളുടെ ജീവിതത്തിൽ വിശുദ്ധ കുർബാന സ്വാധീനം ചെലുത്തുന്നുണ്ടോ? വി. കുർബാന ജീവിക്കാനുള്ള സാധ്യതകൾ ഏതൊക്കെ എന്ന് നിങ്ങളുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ വിവരിക്കുക.

10. ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകളിലൂടെ നിങ്ങൾ സ്വായത്തമാക്കിയ പ്രധാനപ്പെട്ട ക്രൈസ്തവ വീക്ഷണങ്ങൾ ഏതൊക്കെ? കാറ്റിക്കിസം ക്ലാസ്സുകളിൽ നിന്നും വിശ്വാസത്തെ സാക്ഷ്യപ്പെടുത്താനുള്ള ബോധ്യങ്ങൾ സ്വന്തമാക്കാൻ നിങ്ങൾ പ്രാപ്തരായോ?